(ബി) ഇതിനകം എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ഈ പ്രദേശത്ത് ബോട്ട് സർവ്വീസും ടൂറിസ്റ്റ് പാർക്കും ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ഇപ്പോൾ പദ്ധതികളൊന്നും ഗവൺമെന്റിന്റെ പരിഗണനയിലില്ല. കാപ്പിൽ പ്രദേശത്തോട് ചേർന്നുള്ള പരവൂരിൽ കേന്ദ്രസർക്കാരിന്റെ ധനസഹായത്തോടെ ഒരു ബീച്ച് റിസോർട്ടിന്റെ നിർമ്മാണം പൂർത്തിയായി വരുന്നുണ്ട്.

(സി) ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലാണ് ഇക്കാര്യത്തിൽ പ്രാരംഭ നടപടികൾ കൈക്കൊള്ളേണ്ടത്.

119 (119) ജടായുമംഗലം പാറ കേന്ദ്രീകരിച്ചു ടൂറിസം വികസനം

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ടൂറിസം വികസനത്തിന് പുതിയ പദ്ധതികൾ ഏറ്റെടുക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ചടയമംഗലം ജടായുമംഗലം പാറ കേന്ദ്രീകരിച്ച് ടൂറിസം വികസനത്തിന് എന്തെങ്കിലും പദ്ധതി ജില്ലാ ടൂറിസം കൗൺസിൽ സമർപ്പിച്ചിട്ടുണ്ടോ;

(സി) എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതിയുടെ നടത്തിപ്പ് ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലാണ് ഇക്കാര്യത്തിൽ ശുപാർശ സമർപ്പിക്കേണ്ടത്.

(ബി)മുതൽ (ഡി)വരെ ഉണ്ട്. 1,25,92.000/- രൂപ മതിപ്പു ചെലവു പ്രതീക്ഷിക്കുന്ന ഒരു പദ്ധതി കൊല്ലം ജില്ലാ ടൂറിസം കൗൺസിൽ ടൂറിസം വകുപ്പിനു സമർപ്പിച്ചിരുന്നു. ഒരു യാത്രീനിവാസിന്റെ നിർമ്മാണം, ലാന്റ് സ്കേപ്പിംഗ്, എൻട്രൻസ് ഗേറ്റ്, റിസപ്ഷൻ സെന്റർ, കോട്ടേജുകൾ, റസ്റ്റാറന്റ്, ടോയിലറ്റുകൾ തുടങ്ങിയവയാണ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. മുൻഗണനാക്രമത്തിൽ ചെയ്യേണ്ട കാര്യങ്ങൾ മാത്രം ഉൾക്കൊള്ളുന്ന പുതുക്കിയ ശുപാർശകൾ സമർപ്പിക്കാൻ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിനോട് ആവശ്യപ്പെട്ടിരിക്കയാണ്.

120 (120) അഭിഭാഷകന് ഫീസ് നൽകുവാൻ നടപടി

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1995-ൽ മേൽത്തട്ട് വിഷയവുമായി സുപ്രീംകോടതിയിൽ കേസ്സ് വാദിക്കുവാൻ ഏത് അഭിഭാഷകനെയാണ് ചുമതലപ്പെടുത്തിയിരുന്നതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly